# ധനധൂർത്ത് രാഷ്ട്രീയം സംസ്ഥാനത്തെ ധനകാര്യത്തകർച്ചയിലേക്ക് നയിക്കുന്നു

[അഞ്ചാം ധനകാര്യകമ്മിഷൻ അധ്യക്ഷനായിരുന്ന ഡോ. ബി. എ പ്രകാശിന്റെ സംസ്ഥാനസർക്കാരിന്റെ ധനസ്ഥിതിയെ കുറിച്ചുള്ള പഠനത്തിലെ നിഗമനങ്ങൾ താഴെപ്പറയുന്നു. ഈ പഠനം **"ധനധൂർത്ത് രാഷ്ട്രീയവും രൂക്ഷധനപ്രതിസന്ധിയും"** എന്ന പുസ്തകമായി (കറന്റ് ബുക്സ്, തൃശൂർ) പ്രസിദ്ധീകരിച്ചിട്ടുണ്ട്]

---

- സംസ്ഥാനസർക്കാർ രൂക്ഷധനപ്രതിസന്ധിയിലാണെന്നും, ഈ നിലയ്ക്കാണ് മുന്നോട്ട് പോകുന്നതെങ്കിൽ 2021-ാ മാണ്ടോടുകൂടി നിത്യ നിദാന ചെലവുകൾക്ക് പോലും പണമില്ലാതെ ശമ്പളം, പെൻഷൻ, സാമൂഹ്യ സുരക്ഷ പെൻഷൻ എന്നിവ പോലും മുടങ്ങുമെന്ന് 2016-ലെ ധവളപത്രം പറയുന്നു. എന്നാൽ അതിനു മുൻപ് തന്നെ സംസ്ഥാനം ധനകാര്യ തകർച്ചയിലേക്ക് നീങ്ങുമെന്നതാണ് ഈ പഠനത്തിന്റെ നിഗമനം.

- സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലത്ത് അധികാരത്തിലിരുന്ന സർക്കാരുകളുടെ ധനധൂർത്ത് രാഷ്ട്രീയവും, അതിലധിഷ്ഠിതമായ ധനനയങ്ങളും, മോശമായ ധനകാര്യ മാനേജ്മെന്റുമാണ് ഈ ദു:സ്ഥിതിയിലേക്ക് എത്തിച്ചത് എന്നതാണ് ഈ പഠനത്തിന്റെ നിഗമനം.

- മൂന്ന് ദശാബ്ദക്കാലം പഴക്കമുള്ള ധനപ്രതിസന്ധിക്ക് പലകാരണങ്ങൾ ഉണ്ടെങ്കിലും മൂലകാരണം അഞ്ചുവർഷത്തിലൊരിക്കലുള്ള ശമ്പള-പെൻഷൻ പരിഷ്ക്കരണവും വർഷത്തിൽ രണ്ട് തവണയുള്ള ഡി. എ വർദ്ധനവുമാണ്.

- 2009-10 ലെ ശമ്പളചെലവ് 9894 കോടിയായിരുന്നത് 2016-17 ൽ 27,332 കോടിയായി വർദ്ധിച്ചു. വർദ്ധനവ് 176 ശതമാനം. ഇപ്പോൾ നടപ്പിലാക്കുന്ന ശമ്പളപരിഷ്ക്കരണത്തിന്റെ ധനബാധ്യത കൂടി വരുമ്പോൾ ഈ ചെലവ് 2019-20 ൽ 37,177 കോടിയായി വർദ്ധിക്കുമെന്ന് ബജറ്റ് കണക്കാക്കുന്നു. സർക്കാർ ധനസ്ഥിതി മെച്ചപ്പെടുത്താൻ എന്ത് ശ്രമം നടത്തിയാലും, ജി. എസ്. റ്റി. മൂലം വരുമാനവർദ്ധനം വന്നാലും ഇത്രയും പണം കണ്ടെത്താൻ കഴിയില്ല.

- കേരളത്തേക്കാൾ വലിയ സംസ്ഥാനങ്ങളായ ബീഹാർ, ഗുജറാത്ത്, കർണാടക, മദ്ധ്യപ്രദേശ്, ഒഡിഷ എന്നിവയേക്കാൾ കേരളത്തിലെ മൊത്തം ശമ്പള ചെലവ് 2014-15-ൽ കൂടിയതുകയാണ്. അഞ്ചു വർഷത്തിനു മുൻപ് ഈ സംസ്ഥാനങ്ങളെക്കാൾ കേരളത്തിന്റെ മൊത്തം ശമ്പള ചെലവ് കുറവായിരുന്നു.

- അഞ്ചുവർഷത്തിലൊരിയ്ക്കൽ നടത്തുന്ന ശമ്പളപരിഷ്ക്കരണം മൂലം ശമ്പളസ്ക്കെയിലിൽ വൻവർധനയുണ്ടാകുന്നു. ഉദാഹരണം സംസ്ഥാന സർവീസിലെ ഏറ്റവും ഉയർന്ന ശമ്പള സ്കെയിലിലെ മിനിമം അടിസ്ഥാന ശമ്പളം 2004-ൽ 26,600 ആയിരുന്നത് 2009-ൽ 48,640 ആയും, 2014-ൽ 93,000 ആയും വർദ്ധിച്ചു. എല്ലാ ശമ്പളസ്കെയിലിലും സമാനമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

- 2015-16 ലെ മൊത്തം ശമ്പള-പെൻഷൻ ചെലവ് റവന്യൂ വരവിന്റെ 53 ശതമാനമാണ്. തനത് നികുതി, നികുതിയേതര വരവ്, കേന്ദ്രനികുതിവിഹിതം, കേന്ദ്രഗ്രാന്റുകൾ ഇവ ഉൾപ്പെടുന്നതാണ് റവന്യൂ വരവ്.

- ട്രഷറി വഴിയല്ലാതെ ശമ്പളം ലഭിക്കുന്ന വിഭാഗങ്ങളായ പ്രാദേശിക സർക്കാരുകൾ, സർവകലാശാലകൾ, പൊതുമേഖല സ്ഥാപനങ്ങൾ, മറ്റ് അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവയും സർക്കാരിന്റെ അഞ്ചു വർഷത്തിലൊരിയ്ക്കലുള്ള ശമ്പള-പെൻഷൻ പരിഷ്ക്കരണ സംവിധാനത്തിൽ ഉൾപ്പെടുന്നവരാണ്. ഈ സ്ഥാപനങ്ങളും ശമ്പള പരിഷ്ക്കരണം സൃഷ്ടിക്കുന്ന ധനബാധ്യത മൂലം ധനത്തകർച്ചയിലേക്ക് നീങ്ങും.

- ബ്യൂറോക്രസി വികസനം വൻ ധന ബാധ്യത സൃഷ്ടിക്കുന്നു. അനാവശ്യമായ ഒട്ടേറെ പ്രൊമോഷൻ തസ്തികകൾ സൃഷ്ടിക്കുക, വകുപ്പുകളെ വിഭജിച്ച് പുതിയ വകുപ്പ് സൃഷ്ടിക്കുക, അധിക തസ്തികകൾ സൃഷ്ടിക്കാൻ വേണ്ടി ഡപ്പ്യൂട്ടേഷൻ ഉദാരമാക്കുക, തസ്തികകളുടെ പേര് മാറ്റി കൂടുതൽ ശമ്പളം നൽകുക, മന്ത്രിമാരുടെ പേർസണൽ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുക തുടങ്ങിയവ ബ്യൂറോക്രസി വികസനത്തിന്റെ ചില ഉദാഹരണങ്ങളാണ്.

- വകുപ്പുകളെ ചെറിയ വകുപ്പുകളായി വിഭജിച്ച് ധനധൂർത്ത് നടത്തുകയാണ് മറ്റൊന്ന്. 2016-17 ലെ ബജറ്റ് അനുസരിച്ച് സംസ്ഥാനത്ത് 114 വകുപ്പുകളുണ്ട്. വകുപ്പ് വിഭജനം വൻപിച്ച അധിക ധനബാധ്യത ഓരോ വർഷവും സൃഷ്ടിക്കുന്നു.

- വലിയ വലിപ്പമുള്ള പബ്ലിക് സർവീസ് കമ്മിഷനാണ് മറ്റൊന്ന്. 2016-ൽ കേരളത്തിൽ 21 മുഴുവൻ സമയ പബ്ലിക് സർവീസ് കമ്മിഷൻ അംഗങ്ങളുണ്ടായിരുന്നു. ഒരു കമ്മിഷൻ അംഗം എന്നത് വൻസാമ്പത്തിക ബാധ്യതയാണ് സൃഷ്ടിക്കുന്നത്. എന്നാൽ കേരളത്തിന്റെ ഇരട്ടിയിലധികം ജനസംഖ്യയുള്ള മദ്ധ്യപ്രദേശിലെ പബ്ലിക് സർവീസ് കമ്മിഷന് ചെയർമാൻ ഉൾപ്പെടെ മൂന്ന് അംഗങ്ങൾ മാത്രമേ ഉള്ളു.

- എം. എൽ. എ. മാർക്കും മറ്റും പരിധിയില്ലാത്ത ചികിത്സ ആനുകൂല്യങ്ങളും, മറ്റ് ആനുകൂല്യങ്ങളും നൽകുന്നതാണ് മറ്റൊരു ധൂർത്ത്. കേരളത്തിലെ ഒരു എം. എൽ. എ. ചികിത്സ ആനുകൂല്യമായി കൈപ്പറ്റിയത് 1.9 കോടിയോളം രൂപയാണ്.

- ആഡംബര കാറുകൾ ഉദ്യോഗിക ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നതാണ് മറ്റൊന്ന്. ജില്ലാതല ഉദ്യോഗസ്ഥർ മുതൽ മന്ത്രിമാർ വരെ ആഡംബര കാറുകളാണ് കേരളത്തിൽ ഉപയോഗിക്കുന്നത് (ടയോട്ട ഇന്നോവ മുതലായവ). മറ്റ് ഒരു സംസ്ഥാനത്തും ഉദ്യോഗസ്ഥരും, ജനപ്രതിനിധികളും ഇത്തരം ആഡംബര കാറുകൾ വ്യാപകമായി ഉപയോഗിക്കുന്നില്ല. തങ്ങൾ ഫ്യൂഡൽ പ്രമാണിമാരാണെന്നും, ജനങ്ങളുടെ നികുതി പണം ഉപയോഗിച്ച് ആഡംബര ജീവിതം നടത്താനുള്ളത് തങ്ങളുടെ അവകാശമാണെന്നുമാണ് നല്ലൊരു ശതമാനം പേർ കരുതുന്നത്.

- സർക്കാരിന്റെ രണ്ടാമത്തെ ഏറ്റവും വലിയ ചെലവ് സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പളവും പെൻഷനുമാണ്. മൊത്തം ശമ്പള ചെലവിൽ 31 ശതമാനവും സ്വകാര്യ എയ്ഡഡ് സ്ഥാപനങ്ങൾക്കു നൽകുന്നതാണ്. എയ്ഡഡ് സ്കൂളുകളിലെ ഏതാണ്ട് 40 ശതമാനവും വേണ്ടത്ര കുട്ടികളില്ലാത്ത അൺഇക്കണോമിക് സ്കൂളുകളാണ്. 116 സ്കൂളുകളിൽ ഓരോന്നിലും മൊത്തം 10ൽ താഴെ കുട്ടികൾ മാത്രമേയുള്ളൂ. ശക്തരായ സമ്മർദ്ദഗ്രൂപ്പുകളുടെ താൽപ്പര്യം മൂലം കഴിഞ്ഞ ചില വർഷങ്ങളിൽ 167 എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളും, പത്ത് ആർട്സ് ആൻഡ് സയൻസ് കോളേജുകളും, നിലവിലെ സ്ഥാപനങ്ങളിൽ ഒട്ടനവധി പുതിയ ബാച്ചുകളും സൃഷ്ടിച്ചു. ഈ നടപടി സംസ്ഥാനത്തിന്റെ ധനസ്ഥിതിയ്ക്ക് താങ്ങാൻ കഴിയാത്ത വാർഷിക ധനബാധ്യതയാണ് സൃഷ്ടിച്ചത്. ഈ രംഗത്തെ ധനധൂർത്ത് തടയാൻ ഒരു സർക്കാരും തയ്യാറായിട്ടില്ല.

- സംസ്ഥാന സർക്കാരിനെ നിത്യധനകാര്യ പ്രതിസന്ധിയിലാക്കിയ ഒരു പ്രധാന കാരണം തനത് നികുതിയേതര ഇനങ്ങളിൽ കാര്യമായ വർധനം വരാത്തതാണ്. നികുതിനിരക്കുകൾ കാലാകാലം വർദ്ധിപ്പിക്കാത്തത്, മോശമായ നികുതി പിരിവ്, നികുതി കുടിശിക പിരിച്ചെടുക്കുന്നതിലുള്ള അലംഭാവം, നികുതി പിരിവ് തടസ്സപ്പെടുത്തുന്ന 'സ്റ്റേ'കൾ തുടങ്ങിയവ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

- ധനധൂർത്ത് രാഷ്ട്രീയവും അതിലധിഷ്ഠിതമായ ധനനയങ്ങളിലും അടിസ്ഥാനമാറ്റം വരാതെ ധനപ്രതിസന്ധിയ്ക്ക് പരിഹാരം കാണാൻ കഴിയില്ല എന്നതാണ് പഠനത്തിന്റെ നിഗമനം. റവന്യൂ കമ്മി കുറയ്ക്കാൻ തനത് നികുതി, നികുതിയേതര ഇനങ്ങളുടെ നിരക്കുകളിൽ കാലാകാലം മാറ്റം വരുത്തുകയും നികുതി പിരിവ് കാര്യക്ഷമമാക്കുകയുമാണ് വേണ്ടത്.

- ഇതോടൊപ്പം നോൺ-പ്ലാൻ റവന്യൂ ചെലവുകൾ ഗണ്യമായി കുറയ്ക്കേണ്ടതുമാണ്. ശമ്പള പെൻഷൻ പരിഷ്ക്കരണം പത്തു വർഷത്തിലൊരിയ്ക്കൽ ആക്കുക, ബ്യൂറോക്രസി വികസനം തടയുക, സ്വകാര്യ വിദ്യാഭ്യാസ ടീച്ചിംഗ് ഗ്രാന്റിൽ നിയന്ത്രണങ്ങൾ കൊണ്ട് വരിക, അനാവശ്യ ചെലവുകൾ വെട്ടി ചുരുക്കുക, പൊതു മേഖല സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചമാക്കി ലാഭകരമാക്കുക, പരിധിയില്ലാതെ നൽകുന്ന ചികിത്സചെലവ്, മറ്റു ആനുകൂല്യങ്ങൾ എന്നിവ നിയന്ത്രിക്കുക എന്നിവയ്ക്കുള്ള വിശദമായ നിർദ്ദേശങ്ങളും പഠനം മുന്നോട്ടു വയ്ക്കുന്നു.